പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6878

13/07/2012-ൽ മറുപടിയ്ക്ക്

**ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം**

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ദേവസ്വം ബോർഡിൻെറ കീഴിലുള്ള സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ദേവസ്വം ബോർഡിൻെറ കീഴിൽ ഹൈസ്കൂൾ ഉൾപ്പെടെയുള്ള ഹയർസെക്കൻററി സ്കൂൾ തകഴിയിലും, യു.പി. സ്കൂൾ ചങ്ങങ്കരിയിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ രണ്ട് സ്കൂളുകളും വെള്ളക്കെട്ട് പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. മഴയത്ത് സ്കൂൾ കോംപൗണ്ടിൽ വെള്ളം കെട്ടികിടക്കുന്നത് നിയന്ത്രിക്കാനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്കൂൾ കോംപൗണ്ടിൽ മണ്ണിട്ട് ഉയർത്തി ലെവൽ ചെയ്യുകയും സ്കൂളിലേക്ക് ആവശ്യമായ ശുദ്ധജലം സമീപത്തുള്ള പഞ്ചായത്ത് കിണറിൽ നിന്നും ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ബി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) നിലവിൽ ഒഴിവുകൾ ഒന്നുതന്നെയില്ലായെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ